**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1475** **10-10-2024 - ൽ മറുപടിയ്ക്ക്**

**ശങ്കരമംഗലം ജംഗ്ഷനിലെ ഭൂമി കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ പന്മന വില്ലേജിൽ ശങ്കരമംഗലം ജംഗ്ഷനിലെ സർക്കാർ ഭൂമി കയ്യേറി കടകൾ സ്ഥാപിച്ചത് നാളിതുവരെ ഒഴിപ്പിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലം ഒഴിപ്പിക്കാത്തത് ചവറ സിവിൽ സ്റ്റേഷന്റെ നിർമ്മാണം വൈകാൻ കാരണമാകും എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചവറ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത സ്ഥലം അടിയന്തരമായി ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ചവറ മിനി സിവിൽ സ്റ്റേഷൻ പ്രവർത്തിച്ച് വരുന്ന കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തോട് ചേർന്ന് പടിഞ്ഞാറ് വശത്തായി സ്ഥിതി ചെയ്യുന്ന സർവേ നം. 323/2ൽപ്പെട്ട പുറമ്പോക്ക് ഭൂമിയുടെ ഭാഗം വർഷങ്ങളായി കയ്യേറി കച്ചവട സ്ഥാപനങ്ങൾ നടത്തി വരികയാണ്. ടി അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിയ്ക്കുന്നതിന് കൈയ്യേറ്റക്കാർക്ക് 27-08-2024-ൽ സി ഫോം നോട്ടീസ് നൽകിയിട്ടുള്ളതും, കൈയ്യേറ്റ കക്ഷികൾ ഒഴിയുന്നതിന് തയ്യാറാകാത്തതിനാൽ പോലീസ് സഹായത്തോടെ ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവെങ്കിലും പ്രതിഷേധത്തെ തുടർന്ന് ഒഴിപ്പിക്കൽ നടപടി നിർത്തിവച്ചിട്ടുള്ളതുമാണ്. മാത്രമല്ല കൈയ്യേറ്റ കക്ഷികൾ കരുനാഗപ്പള്ളി മുൻസിഫ് കോടതി മുമ്പാകെ ഒ.എസ് -279/2024 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. 1957-ലെ കേരള ഭൂസംരക്ഷണ നിയമം, സെക്ഷൻ 20എ പ്രകാരം കേരള ഭൂസംരക്ഷണ നടപടികളിൽ ഇടപെടുന്നതിന് സിവിൽ കോടതിയ്ക്ക് അധികാരമില്ലെന്ന് വിവക്ഷിച്ചിട്ടുള്ളതാണ്. ആയതിനാൽ, കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കരുനാഗപ്പള്ളി മുൻസിഫ് കോടതിയിൽ നിലവിലുള്ള ഒ.എസ് - 279/2024 നമ്പർ കേസ് തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ